# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 700** **29/11/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. ഡി. സതീശൻ**<br>**,, അനിൽ അക്കര**<br>**,, വി.പി.സജീന്ദ്രൻ**<br>**,, സണ്ണി ജോസഫ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; | (എ) | വ്യവസ്ഥകളോട് കൂടിയ തത്വത്തിലുള്ള അനുമതി കേരളാ സഹകരണബാങ്കിന് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) | കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | റിസർവ് ബാങ്ക് നിർദ്ദേശിച്ച സാമ്പത്തികപരവും, നിയമപരവും, ഭരണപരവുമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 2019 മാർച്ചിന് മുമ്പ് ലയന നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; | (സി) | റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 2019 മാർച്ച് മാസത്തോടെ ലയന നടപടികൾ പൂർത്തിയാക്കുവാൻ വേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ഡി) | ലയനശേഷം ബാങ്കിന്റെ മൂലധന പര്യാപ്തതയിലും, ആകെ സ്വത്തിലും കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കുവാൻ സർക്കാരിന് സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സാധിക്കും. ഇതിനായി രൂപീകരിച്ചിട്ടുള്ള സബ്കമ്മറ്റികൾ വിശദാംശങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ

1) കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.
2) ലയനത്തെ സ്റ്റേ ചെയ്തു കൊണ്ടോ നിരോധിച്ചു കൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തണം.
3) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.
4) ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.
5) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MOU ഒപ്പു വയ്ക്കണം. ഭരണ സമിതി മാനേജ് മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU യിൽ വരേണ്ടത്.
6) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.
7) ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നല്കുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.
8) ക്രമ രഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.
9) ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.
10) സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.
11) ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ് വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.
12) നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.
13) സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപികരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI ക്ക് അപേക്ഷ നല്കണം. RBI യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI ക്ക് സറണ്ടർ ചെയ്യണം.

16) ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡിപ്പോസിറ്റ് ഇൻഷുറൻസ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.

18) ബാങ്ക് എന്ന പദം ഉപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19) മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിനെ സമീപിക്കണം.

സെക്ഷൻ ഓഫീസർ